# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 08 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 3


ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

## അയ്യന് രാഗവൈവിധ്യത്താൽ അർച്ചനയേകി തീക്കോയി രാധാകൃഷ്ണൻ

ഘന ഗംഭീര ശാരീരത്താൽ അയ്യപ്പന് കാണിക്കയേകി തീക്കോയി രാധാകൃഷ്ണന്റെ കർണാടിക് സംഗീതകച്ചേരി. ശാസ്ത്രീയ സംഗീതാലാപന രംഗത്ത് വർഷങ്ങളുടെ പരിചയവും ശിഷ്യസമ്പത്തുമുള്ള രാധാകൃഷ്ണന്റെ ആലാപനം അയ്യപ്പദർശന സൗഭാഗ്യം തേടിയെത്തിയ ഭക്തർക്ക് ഏറെ ആർഷകമായി. വലിയ നടപ്പന്തലിലെ മുഖമണ്ഡപത്തിലായിരുന്നു രാധാകൃഷ്ണന്റെ ആലാപനം. രാഗ വൈവിധ്യമായിരുന്നു കച്ചേരിയെ വ്യത്യസ്തമാക്കിയത്. ഏതെങ്കിലും ഒരുരാഗത്തിലും കൃതിയിലും ശ്രദ്ധയൂന്നുന്നതിന് പകരം വ്യത്യസ്ഥമായ രാഗങ്ങളിലുള്ള കൃതികൾ അദ്ദേഹം അയ്യപ്പസന്നിധിയിൽ ആലപിച്ചു.

ഹംസ്വധ്വനി രാഗത്തിലെ വാതാപി ഗണപതിം എന്ന പ്രസിദ്ധ കീർത്തനത്തോടെയാണ് തീക്കോയി രാധാകൃഷ്ണൻ കച്ചേരി തുടങ്ങിയത്. തുടർന്ന് കീരവാണിയിൽ അംബാവാണി, ദ്വിജവന്തിയിൽ അഖിലാണ്ഡേശ്വരി, സാരമതിയിൽ ഹരിഹരസുത പാലയാമാ, പന്തുവരാളിയിൽ ശംഭോ മഹാദേവ ശങ്കര, ദർബാരി കാനഡയിൽ ഗോർവർദ്ധന ഗിരിധാരി, ബിന്ദുമാലിനിയിൽ എന്തമൃതോ എന്തസുഖസോ, വൃന്ദവനസാരംഗത്തിൽ കാക്കച്ചിറകിനിലൈ, രേവതിയിൽ മഹാദേവ ശിവശംഭോ എന്നീ കൃതികൾ അദ്ദേഹം ആലപിച്ചു. അയ്യപ്പദർശനം തേടയെത്തിയ ഭക്തർക്ക് സംഗീത മഴയായി രാധാകൃഷ്ണന്റെ കച്ചേരി.

മൃദഗംത്തിൽ ക ഴ രാജഗോപാൽ, ഘടകത്തിൽ പ്രതീഷ് തലനാട്, വയലിനിൽ സുരേന്ദ്രൻ കട്ടപ്പന, മുഖർശംഖിൽ സുബിൻ തിടനാട് എന്നിവർ അകമ്പടിയായി.

(പി.ആർ. ശബരി- 249)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ 09.01.2023)

.........

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് .... പതിവ് അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 12 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം ആരംഭിക്കും.
7.30 ന് ഉഷപൂജ
12.30 ന് 25 കലശപൂജ
തുടർന്ന് കളഭാഭിഷേകം12.45 ന് ഉച്ചപൂജ
1.30 മണിക്ക് ക്ഷേത്രനട അടയ്ക്കും.
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന് ദീപാരാധന
9.30 മണിക്ക് .....അത്താഴപൂജ
11.20 ന് ഹരിവരാസനം സങ്കീർത്തനം പാടി 11.30 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.